# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 789

13.06.2012-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം : ശ്രീ.കെ.ദാസൻ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കടലാക്രമണം തടയുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് ധനസഹായത്തിനായി എത്ര തുകയുടെ പ്രപ്പോസൽ ആണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശം നൽകുമോ; | (എ) കടലാക്രമണം തടയുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രസഹായത്തിനായി പ്രൊപ്പോസൽ നൽകുന്നതിന് വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. |
| (ബി) എത്ര രൂപയുടെ പദ്ധതി കേന്ദ്രം അംഗീകരിച്ചു എന്നും ആയതിന് എത്ര തുക അനുവദിച്ചു എന്നും വിശദമാക്കുമോ; | (ബി) അംഗീകാരം ലഭിച്ചിട്ടില്ല. |
| (സി) കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ നിരോധന പദ്ധതിയിൽ 2011–2012–ലെ ബജറ്റിൽ തുക വകയിരുത്തി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഭരണാനുമതി പ്രവൃത്തികൾ ഏതെല്ലാം? വിശദമാക്കുമോ; | (സി) കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ നിരോധന പദ്ധതിയിൽ 2011–2012–ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ഡി) 2012–2013–ലെ ബജറ്റിൽ കടലാക്രമണ നിരോധന പദ്ധതിയിൽ കടൽഭിത്തി നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി കൊയിലാണ്ടി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് ഭരണാനുമതിയുള്ളത് എന്നും ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വിശദീകരിക്കുമോ; | (ഡി) 2012–13–ലെ ബജറ്റിൽ കടലാക്രമണ നിരോധന പദ്ധതിയിൽ കടൽഭിത്തി നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി കൊയിലാണ്ടി മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ഇ) പ്രസ്തുത മണ്ഡലത്തിലെ കൊല്ലം കത്താംപള്ളി കടപ്പുറത്ത് നിലവിലുള്ള താൽക്കാലിക കടൽഭിത്തി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ കടൽഭിത്തി നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ 13–ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ